**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 194** **23-01-2025 - ൽ മറുപടിയ്ക്ക്**

**പൊന്മള പഞ്ചായത്തിലെ ഹെൽത്ത് സെന്ററിന് വാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള പഞ്ചായത്തിലെ ഹെൽത്ത് സെന്ററിന് വാഹനം വാങ്ങുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്നും സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | പൊന്മള കുടുംബാരോഗ്യകേന്ദ്രങ്ങളിലേക്ക് വാഹനം വാങ്ങുന്നതിനായി പൊന്മള ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷത്തിലെ LSGD പ്രോജക്ടിൽ ഉൾപ്പെടുത്തി തനത് ഫണ്ട് 12 ലക്ഷം വകയിരുത്തി, പ്രസ്തുത പദ്ധതിയ്ക്ക് അനുമതി ലഭ്യമാക്കുവാൻ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയ്ക്ക് കത്ത് അയച്ചിരുന്നു. 17.07.2024 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം ഈ ആവശ്യം ആരോഗ്യവകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കുകയും, തുടർന്ന് പൊന്മള എഫ്.എച്ച്.സി. യിലേക്ക് വാഹനം വാങ്ങുന്നതിനു അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് പ്രസ്തുത വാഹനം ആരുടെ പേരിൽ രജിസ്റ്റർ ചെയ്യണമെന്ന് അറിയിക്കുന്നതിനായി ആരോഗ്യവകുപ്പ് കാര്യാലയത്തിലേക്ക് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. ടി പ്രൊപ്പോസൽ പ്രകാരം ടി വാഹനം ആരോഗ്യവകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിനായി ലഭ്യമാക്കിയ അപേക്ഷയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഹെൽത്ത് സെന്ററിന് നടപ്പ് സാമ്പത്തിക വർഷം വാഹനം വാങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | മറുപടി എ പിരിവിൽ കണ്ടാലും. |

സെക്ഷൻ ഓഫീസർ